985
04/03
Web
3/3

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ - വെജിറ്റബിൾ മാർക്കറ്റ് & ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - കസബ വില്ലേജിലെ 1.35 ഏക്കർ സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 464/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഫെബ്രുവരി 24, 2009.

പരാമർശം:

1. കോഴിക്കോട് കോർപ്പറേഷന്റെ 27-06-2008-ലെ45-ാം നമ്പർ കൗൺസിൽ തിരുമാനം.
2. കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 13-08-2008-ലെ E3-57715/08 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 23-10-2008-ലെ G.3-12222/08 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് കോർപ്പറേഷന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റെയും പരാമർശം (2)-ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, വെജിറ്റബിൾ മാർക്കറ്റ് & ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി വാർഡ് 18-ൽ കസബ വില്ലേജിൽ റ്റി.എസ്. 351-ൽപ്പെട്ട 1.35 ഏക്കർ സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അക്വിസിഷന് ആവശ്യമായ തുകയുടെ 80% മുൻകൂറായി കോഴിക്കോട് ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

(ii) ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ, കോഴിക്കോട്.

ജില്ലാ കളക്ടർ, കോഴിക്കോട്.

(മറുപുറം)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.